പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5587 | 24.05.2017 ൽ മറുപടിക്ക്

## കൂടൽ പി.എച്ച്.സി.യുടെ നവീകരണം

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ തീരുമാനപ്രകാരം കൂടൽ പി.എച്ച്.സി.യെ വനിതകളുടെയും കുട്ടികളുടെയും ആശുപത്രി ആക്കുന്നതിലേയ്ക്ക് കെട്ടിടനിർമ്മാണത്തിനായി പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി തേടിയുള്ള ഫയലിൽ ഉത്തരവ് പുറപ്പെടുവിച്ചുവോ; എങ്കിൽ എന്നാണ്; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ; | (ബി) | 8 വർഷം മാത്രം പഴക്കമുള്ള കെട്ടിടമായതുകൊണ്ട് പൊളിക്കുന്നതിനുള്ള വിവിധ അനുമതികൾ ആവശ്യമാണ്. |
| (സി) | തുക അനുവദിച്ച് തുടർനടപടികൾ പൂർത്തീകരിച്ചതിന് ശേഷം, യഥാസമയം അനുമതി നൽകാതെ വച്ചുതാമസ്സിപ്പിക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (സി),<br>(ഡി)<br>&<br>(ഇ) | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിന് 2011-2012, 2012-2013 വർഷങ്ങളിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2013-14 സാമ്പത്തികവർഷത്തിൽ 311 ലക്ഷം രൂപ ഡബ്ല്യൂ & സി കോന്നി, പത്തനംതിട്ടയ്ക്കായി ഗവൺമെന്റിൽ നിന്നും ഭരണാനുമതി നൽകിയിരുന്നു. 2014-2015 സാമ്പത്തിക വർഷത്തിൽ ഒ.റ്റി.എ.സി.എ (വൺ ടൈം എ.സി.എ) ഉൾപ്പെടുത്തി ബഡ്ജറ്റിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയ്ക്കായി പത്തനംതിട്ട കോന്നി താലൂക്ക് ആശുപത്രിയ്ക്കായി 319 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നൽകിയെങ്കിലും ആ വർഷം ഒ.റ്റി.എ.സി.എ-യിൽ തുക ലഭ്യമാക്കുകയുണ്ടായില്ല. |
| (ഡി) | അനാവശ്യതടസ്സവാദങ്ങൾ ഉന്നയിച്ച് ഫയൽ നടപടിയിൽ കാലതാമസമുണ്ടാക്കുന്നവരുടെ പേരിൽ നടപടി കൈക്കൊള്ളുമോ; | | |
| (ഇ) | വനിതകളുടെയും കുട്ടികളുടെയും ആശുപത്രിക്കെട്ടിടം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ